# കില

**പ്രാ**ദേശിക ഭരണ സംവിധാനത്തിന്റെ കാര്യശേഷി വികസനത്തിനുള്ള സ്ഥാപനമായ **കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)** 1990 ജൂൺ 16 ന് തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തനമാരംഭിച്ചു. തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്ര ധർമ്മസംഘം രജിസ്ട്രേഷൻ ആക്ട് (1955) പ്രകാരം രജിസ്റ്റർ ചെയ്ത് സംസ്ഥാന സർക്കാരിന്റെ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമാണ് '**കില**'. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും, പ്രാദേശിക ഭരണ സംവിധാനത്തിലെ ഇതര വിഭാഗങ്ങൾക്കും വിവിധ മേഖലകളിൽ കാര്യശേഷി വികസനപരിപാടികൾ കില സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ പ്രാദേശിക ഭരണ സംവിധാനം ശക്തിപ്പെടുത്തുന്നതിൽ കില വഹിക്കുന്ന പങ്ക് നിസ്തുലമാണ്. പരിശീലന പരിപാടികൾക്കുപരിയായി ഗവേഷണം, നയരേഖ ചമയ്ക്കൽ, നയരൂപീകരണ പിന്തുണ, ഹെൽപ്പ് ഡസ്ക് ശില്പശാല സംഘാടനം തുടങ്ങി ബഹുമുഖ പ്രവർത്തന സ്ഥാപനമായി വളർന്ന കില ഇന്ന് പ്രാദേശിക ഭരണ സംവിധാനത്തിലെ ഒഴിവാക്കാനാകാത്ത ഒരു ഘടകമാണ്.

അധികാര വികേന്ദ്രീകരണം, പങ്കാളിത്ത ആസൂത്രണം, പ്രാദേശിക ഭരണം എന്നീ മേഖലകളിൽ സെന്റർ ഓഫ് എക്സലൻസായി ഭാരത സർക്കാരിനു കീഴിലുള്ള പഞ്ചായത്തീ രാജ് മന്ത്രാലയവും (MoPR), വികേന്ദ്രീകൃത ആസൂത്രണം, ജനപങ്കാളിത്തം എന്നീ മേഖലകളിൽ ഒരു ദേശീയ വിഭവ കേന്ദ്രമായി ഭവന-നഗര ദാരിദ്ര നിർമ്മാർജ്ജന മന്ത്രാലയവും (MoHPA) കിലയെ അംഗീകരിച്ചിട്ടുള്ളതാണ്.






Kerala Institute of Local Administration
Mulamkunnathkavu, Thrissur, Kerala, India - Pin: 680 581
Phone: Director- 0487-2201312, Office : 2207000, Fax: 2201062
E-mail: mail@kilaonline.org, kilathrissur@gmail.com
Website: www.kilaonline.org

Printed at KBPS, Kakkanad, Kochi-30

6 വാല്യം

# തദ്ദേശ ഭരണം

## ജനപ്രതിനിധികൾക്കായുള്ള കൈപ്പുസ്തകം




കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ